മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ

21 (1928) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ വിതരണം ചെയ്യുന്നത് എന്തു മാനദണ്ഡങ്ങൾക്ക് വിധേയമായാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഇതിനായി എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട് ;

(സി) ഇവർക്ക് പെർമിറ്റ് നൽകുവാൻ ഫിഷറീസ് വകുപ്പ് എന്തെല്ലാം സഹായങ്ങൾ ചെയ്തു വരുന്നു ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) അപേക്ഷകൾക്ക് മത്സ്യബന്ധനത്തൊഴിലിന് സഹായകരമായ തരത്തിൽ പെർമിറ്റ് നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വള്ളങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന എഞ്ചിന്റെ ക്യൂബിക് കപ്പാസിറ്റി കണക്കാക്കിയാണ് പെർമിറ്റ് അനുവദിക്കുന്നത്.

(ബി) പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. നിലവിലുള്ള പെർമിറ്റുകൾ പുതുക്കി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നത് സിവിൽ സപ്ലൈസ് വകുപ്പാണ്. പെർമിറ്റിന്റെ സംയുക്ത പരിശോധനയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ഫിഷറീസ് വകുപ്പ് മത്സ്യഫെഡുവഴി നൽകുന്നു.

(ഡി) മത്സ്യബന്ധനത്തിന് കേന്ദ്രം പ്രത്യേകമായി മണ്ണെണ്ണ അനുവദിക്കുന്നില്ലെങ്കിലും പൊതു വിതരണത്തിന് അനുവദിക്കുന്ന മണ്ണെണ്ണയിൽ നിന്ന് ഒരു വിഹിതം സിവിൽ സപ്ലൈസ് വകുപ്പുവഴി ഇപ്പോൾ തന്നെ മത്സ്യബന്ധന മേഖലയ്ക്ക് നൽകുന്നുണ്ട്. മണ്ണെണ്ണയുടെ ലഭ്യത അനുസരിച്ചാണ് സിവിൽ സപ്ലൈസ് വകുപ്പ് പെർമിറ്റ് അനുവദിക്കുന്നത്.

മത്സ്യത്തൊഴിലാളി മേഖലയിൽ റോഡുകളുടെ വികസനം

22 (1929) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-ാം ധനകാര്യ കമ്മീഷന്റെ ആനുകൂല്യത്തിൽ മത്സ്യത്തൊഴിലാളി മേഖലയിൽ റോഡുകളുടെ വികസന പദ്ധതിയിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ പൊഴിയൂർ, കൊല്ലംകോട് മേഖലയെ പാടേ അവഗണിച്ച വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാരിന് സമർപ്പിച്ചിട്ടുള്ള ലിസ്റ്റ് പ്രകാരം ഉള്ള പ്രസ്തുത പ്രദേശങ്ങളിലെ റോഡുകൾ ഇക്കൊല്ലത്തെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഫിഷറീസ് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി, പാറശ്ശാല നിയോജകമണ്ഡലത്തിലെ ചില റോഡ് പ്രവർത്തികൾ, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, ഏറ്റെടുത്ത് നടത്താനാകുമോ എന്ന കാര്യം പരിശോധിച്ചു വരികയാണ്.

മത്സ്യമേഖലയിൽ റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി

23 (1930) ശ്രീ. പി. രാജു :
ശ്രീ. പി. നാരായണൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. സി. എൻ. ജയദേവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യമേഖലയിൽ ഒരു റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് രൂപീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സൊസൈറ്റിയുടെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നു വരുന്നണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 1997 ഫെബ്രുവരിയിൽ

(ബി) എറണാകുളം കേന്ദ്രമാക്കി സൊസൈറ്റിയുടെ ഓഫീസ് പ്രവർത്തനം ആരംഭിച്ചു. മത്സ്യ വിഭവ പരിപാലനവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ നടത്തിവരുന്നു. ഇതിനുവേണ്ടി ലൈബ്രറി, കമ്പ്യൂട്ടർ സെന്റർ എന്നിവ സജ്ജമാക്കി. ട്രോളിംഗ് നിരോധനത്തിന്റെ അനന്തര ഫലങ്ങൾ, സംസ്ഥാന ഫിഷറീസ് വികസന മാസ്റ്റർ പ്ലാൻ, അക്വേറിയൻ റിഫാംസ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള പഠനങ്ങൾക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മത്സ്യത്തൊഴിലാളി ക്ഷേമനിധി

24 (1931) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് 31-5-1999-ലെ കണക്കനുസരിച്ച് എന്തുതുക പിരിഞ്ഞു കിട്ടാനുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly